# നിർമ്മിതബുദ്ധി ; സർഗാത്മകതയോ സംഹാരമോ?

"ലോകത്തിൽ അത്ഭുതങ്ങൾ അനവധിയുണ്ട്,
എന്നാൽ മനുഷ്യനേക്കാൾ വലിയ അത്ഭുതമില്ല."

മനുഷ്യൻ എന്ന സാമൂഹികജീവിയെ നിർവചിക്കുക എന്ന ശ്രമകരമായ ദൗത്യത്തിലേർപ്പെട്ട സോഫോക്ലിസിന്റെ വാക്കുകളാണിത്. അതെ, ശതകണക്കിന് കമ്പ്യൂട്ടറുകളേക്കാൾ സൂക്ഷ്മജ്ഞാന ഗ്രാഹിയാണ് മനുഷ്യമസ്തിഷ്കം എന്നുകണ്ട് ശാസ്ത്രലോകം പോലും ഇന്നും അത്ഭുതപ്പെടുന്നില്ലേ?

സാങ്കേതികവിദ്യയുടെയും മനുഷ്യന്റെ ചാതുര്യത്തിന്റെയും കൂടിച്ചേരൽ ഇന്ന് നമ്മെ വിപ്ലവാത്മകമായ ഒരു തലത്തിലേക്ക് ഉയർത്തിയിരിക്കുന്നു. ഇന്ന് പ്രകാശ വേഗതയോടൊപ്പം സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നു. ഇ-കൊമേഴ്സ് വാണിജ്യത്തെ മാറ്റിമറിച്ചു. ഇതിനിടയിൽ ലോകത്തെത്തന്നെ നവീകരിക്കുവാനുള്ള ശ്രമത്തിലാണ് ഇന്ന് നിർമ്മിതബുദ്ധി. ഇതുവരെ ചിന്തിക്കുവാൻ പോലുമാകാത്തവിധം അത് വ്യക്തികളെയും സമൂഹത്തെയും സ്വാധീനിച്ചിരിക്കുകയാണ്.

മനുഷ്യരെപ്പോലെതന്നെ ചിന്തിക്കുവാൻ കഴിവുള്ള യന്ത്രങ്ങളാണ് നിർമ്മിതബുദ്ധി. ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ മാത്രമല്ല, വഴി കണ്ടെത്തി വാഹനം ഓടിക്കുവാനും എന്തിന് ബഹിരാകാശ ഗവേഷണ മേഖലയിൽ വരെ ഇന്ന്

നിർമ്മിതബുദ്ധി ഉപയോഗിക്കുന്നു. നിർമ്മിതബുദ്ധിയുടെ ഉപയോഗം ഇന്ന് നമ്മുടെ കേരളത്തിലെ റോഡുകളിൽ തന്നെയുണ്ട്. ഇരുചക്രവാഹനങ്ങളിൽ ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്നവരെയും നാലുചക്രവാഹനങ്ങളിൽ സീറ്റ് ബെൽറ്റ് ധരിക്കാതെ യാത്രചെയ്യുന്നവരെയും പിടികൂടാൻ എ.ഐ ക്യാമറകൾക്ക് ഇന്ന് സാധിക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഏറ്റവുമധികം വാഹനാപകടങ്ങൾ, അതായത് ഒരു വർഷം ശരാശരി നാലായിരത്തിലധികം വാഹനാപകടങ്ങൾ കേരളത്തിൽ ഉണ്ടാകുന്നു. ഇത് ഒരു പരിധിവരെ കുറയ്ക്കുവാനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനും നിർമ്മിതബുദ്ധി ക്യാമറകളിലൂടെ സാധിക്കുന്നുണ്ട്.

രണ്ടാമതായി കുറ്റാന്വേഷണ മേഖലയിലുള്ള സ്വാധീനമാണ്. കുറ്റവാളിയുടെ രേഖാചിത്രം നൽകിയാൽ അതിനെ കൃത്യരൂപത്തിലേക്ക് മാറ്റുവാൻ എ.ഐ മോഡലുകൾക്ക് സാധിക്കും. ഒരു വ്യക്തിയുടെ ഡി.എൻ.എ-യിലെ വിശദാംശങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഡി.എൻ.എ വിരലടയാള പ്രക്രിയയിലൂടെ നിർമ്മിതബുദ്ധിയെയും ഉൾച്ചേർക്കുന്നത് കുറ്റാന്വേഷണ മേഖലയിൽ വിപ്ലവം തീർക്കുവാൻ ഉതകുന്നതാണ്. കേരളത്തിൽ തന്നെ വിവിധ കേസുകൾ കണ്ടെത്തുന്നതിൽ ഇന്ന് നിർമ്മിതബുദ്ധി വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

നിർമ്മിതബുദ്ധി ഇന്ന് ആഗോള

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി..................
പ്രോഗ്രാം കമ്മിറ്റി

ലത്തിൽ തൊഴിൽസാധ്യതകൾ വർധിപ്പിച്ചിട്ടുണ്ട്. 2020-ൽ നിർമ്മിതബുദ്ധിയുടെ കടന്നുവരവോടുകൂടി 37 മില്യൺ ജോലികളാണ് പുതുതായി ഉരുത്തിരിഞ്ഞ് വന്നത്. അതായത് 2000-ത്തെ അപേക്ഷിച്ച് 47% തൊഴിൽ വർധനവ് ഉണ്ടായിട്ടുണ്ട്. പല രാജ്യങ്ങളിലും യുവാക്കൾ നേരിടുന്ന വെല്ലുവിളിയാണ് കോഴ്സുകളുടെയും തൊഴിലുകളുടെയും വൈവിധ്യമില്ലായ്മ എന്നത്. എന്നാൽ, ജീവശാസ്ത്രം, രസതന്ത്രം മുതലായ തങ്ങളുടെ പ്രിയപ്പെട്ട വിഷയങ്ങളുമായി നിർമ്മിതബുദ്ധിയെ സംയോജിച്ചുള്ള പഠനങ്ങൾ വ്യാപകമാകുന്നതിലൂടെ, തൊഴിൽരംഗത്ത് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുവാനും പ്രസരിപ്പിക്കുവാനും വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സാധിക്കുന്നതാണ്.

ആരോഗ്യമേഖലയിൽ അനന്തസാധ്യതകളാണ് നിർമ്മിതബുദ്ധി തുറന്നുവയ്ക്കുന്നത്. നിർമ്മിതബുദ്ധിയും റോബോട്ടിക്സും സംയോജിച്ചു കൊണ്ടുള്ള നിരവധി ചികിത്സാരീതികൾ ഇന്ന് കേരളത്തിലെ വിവിധ ആശുപത്രികളിൽ ലഭ്യമാണ്. വലിയ രീതിയിലുള്ള ജനിതക ഡാറ്റയെ കൃത്യമായി ക്രോഡീകരിക്കുവാൻ 'ബയോഇൻഫോർമാറ്റിക്സ്' രംഗത്തിലൂടെ സാധിക്കുന്നു. പലപ്പോഴും വലുപ്പം മൂലവും ചുരുളിമയും വഴുക്കലും മൂലവും രോഗനിർണയം ~~കണ്ടെ~~ നടത്തുവാൻ സാധിക്കാത്ത അവയവമാണ് ചെറുകുടലും വൻകുടലുമൊക്കെ. എൻഡോസ്കോപ്പിയിലൂടെയുള്ള രോഗനിർണയവും അസാധ്യമാകുന്നു. അതിനാൽ

തന്നെ ചലനശേഷിയുള്ള 'സ്പൈഡർ ചിലന്തിയെ' ചൈനയിലെ ലാബുകളിൽ വികസിപ്പിച്ചെടുത്തിരിക്കുകയാണ്. എളുപ്പത്തിൽ ശരീരത്തിനകത്ത് പ്രവേശിക്കുവാൻ ഇതിലൂടെ സാധിക്കുന്നു. ഒപ്പം ഭാവിയിൽ വ്യക്തിഗത മരുന്നുകൾ ഉത്പാദിക്കുവാനും. മാരകമായ രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രവചിക്കുവാനും നിർമ്മിതബുദ്ധിയ്ക്ക് സാധിക്കും.

വിദ്യാഭ്യാസമേഖലയിൽ നൂതനാശയങ്ങളാണ് നിർമ്മിതബുദ്ധി അവതരിപ്പിക്കുന്നത്. വെർച്ച്വൽ റിയാലിറ്റിയുമായി സഹകരിച്ചുകൊണ്ട് ലാബ് പരീക്ഷണങ്ങളിൽ കൃത്രിമമായി പങ്കാളികളാകുവാൻ ഇന്ന് നിർമ്മിതബുദ്ധിയിലൂടെ സാധിക്കുന്നു. ഒപ്പം ഗൂഗിൾ ജെമിനി, ചാറ്റ് ജി.പി.ടി, മെറ്റ എ.ഐ എന്നിവയിലൂടെ സംശയങ്ങൾ അപ്പോൾ പൂർത്തീകരിക്കുവാനും. തങ്ങളുടെ വിഷയത്തെപ്പറ്റിയുള്ള കൂടുതൽ അറിവുകൾ നേടുവാനും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സാധിക്കുന്നു. കൊറോണയേക്കാൾ വേഗത്തിലാണ് ചാറ്റ് ജി.പി.ടി ലോകം മുഴുവൻ പടർന്നുപിടിച്ചത്. ഒരു കുട്ടിയുടെ കഴിവും അറിവും പരിഗണിച്ചുകൊണ്ടുള്ള വ്യക്തിഗത വിദ്യാഭ്യാസം സാധ്യമാക്കുവാൻ നിർമ്മിതബുദ്ധിയ്ക്ക് കഴിയും.

ഇന്ന് രാജ്യശക്തിയെ അളക്കുന്നത് ചിപ്പുകളുടെയും ഡാറ്റാസെറ്റുകളുടെയുമൊക്കെ എണ്ണം പരിഗണിച്ചുകൊണ്ടാണ്. അതിനാൽത്തന്നെ അമേരിക്ക ഉൾപ്പെടെയുള്ള

രാജ്യങ്ങൾ 'പെന്റഗൺ എ.ഐ' പോലുള്ള പദ്ധതികളിൽ 12,000 കോടിയുടെ നിക്ഷേപമാണ് നടത്തിയിട്ടുള്ളത്. ആദ്യത്തെ എ.ഐ ലാബ് കൊട്ടാരക്കരയിലുൽ വരുന്നതിലൂടെ എ.ഐ വ്യവ മാറ്റത്തിന്റെ തിരണങ്ങൾ കേരളത്തിലും പ്രസരിക്കും. ഫയലുകളുടെയും മറ്റും കൃത്യതയ്ക്കും വിശകലനത്തും വേണ്ടി കേരളത്തിന്റെ ഭരണരംഗത്തും നിർമ്മിതബുദ്ധി കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ഒരു രാജ്യത്തെ കമ്പനികൾക്ക് കരാറുകൾ നൽകുവാനും അഴിമതിയിൽ നിന്നും മുക്തിനേടുവാനുമായി ഒരു എ.ഐ മന്ത്രിയെ പറ്റി സങ്കൽപിച്ചുനോക്കൂ? എന്നാൽ അത്തരത്തിലുള്ള 'ഡിയേല' എന്ന മന്ത്രിയും ഇന്ന് നിലവിലുണ്ട്. ഈ മന്ത്രിയുടെ എഴുപതോളം വരുന്ന കുട്ടികൾ പാർലമെന്റിലെ അംഗങ്ങളെ സഹായിക്കുന്നു.

2017-ൽ പുറത്തുവന്ന ട്രാൻസ്ഫോർമർ ആർക്കിടെക്ചർ വഴി ചിത്രങ്ങൾ മിഴിവോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യുവാൻ നിർമ്മിതബുദ്ധി പ്രാപ്തമായി. ഇത് കലാകാരന്മാർക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള വലിയ ഒരിടം തന്നെ ഒരുക്കിക്കൊടുത്തു. ഒപ്പം 2030 ആകുന്നതോടുകൂടി ആഭ്യന്തര ഉത്പാദനത്തിന്റെ 30% പങ്ക് വഹിക്കുന്നതും നിർമ്മിതബുദ്ധിയാകും.

ഇന്നോളം നാം നിർമ്മിച്ച, ~~നിർമ്മിച്ച~~

ജോൺ മക്കാർത്തിയുടെ കണ്ടുപിടുത്തമായ നിർമ്മിതബുദ്ധി കമ്പ്യൂട്ടറുകളും പ്രോഗ്രാമുകളും മനുഷ്യർ നിർമ്മിച്ച്, മനുഷ്യനന്മയ്ക്ക് വേണ്ടി ഉപയോഗിച്ചിരുന്നവയാണ്. എന്നാൽ നേരെ തിരിച്ച് സംഭവിച്ചാലോ? നിർമ്മിതബുദ്ധി മാനവരാശിക്ക് വെല്ലുവിളിയാകാൻ 20% സാധ്യതയുണ്ടെന്നും അതിനായി നടത്തിയ പരീക്ഷണങ്ങളിൽ ഖേദിക്കുന്നു എന്നും പറഞ്ഞാണ് എ.ഐ യുടെ തലതൊട്ടപ്പനെന്നറിയപ്പെടുന്ന ജെഫ്രി ഹിന്റൺ ഗൂഗിൾ വിട്ടത്. ഓമനത്തമുള്ള കടുവക്കുട്ടിയാണ് നിർമ്മിതബുദ്ധിയെന്നും അത് വളർന്ന് വലുതായാൽ മനുഷ്യനോട് എങ്ങനെ പെരുമാറും എന്ന് ചിന്തിക്കുവാൻ പോലുമാകില്ലെന്നാണ് കഴിഞ്ഞ വർഷം ഭൗതികശാസ്ത്രത്തിനുള്ള നോബെൽ പുരസ്കാര വേളയിൽ അദ്ദേഹം മുന്നറിയിപ്പ് നൽകിയത്. "നിർമ്മിതബുദ്ധിയിലൂടെ നിങ്ങൾ പിശാചുക്കളെ വിളിച്ചുവരുത്തുന്നു" എന്നാണ് ഇലോൺ മസ്ക് അഭിപ്രായപ്പെടുന്നത്.

വ്യാജവാർത്തകളുടെ നിർമ്മാണത്തിനും പ്രസിദ്ധീകരണത്തിനുമുള്ള ഒരു ആവാസവ്യവസ്ഥയായി ഇന്ന് നിർമ്മിതബുദ്ധി മാറിയിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ തന്നെ വീടിന്റെ മുന്നിലൂടെ കടുവ ഓടുന്ന, ആനയുടെ തുമ്പിക്കൈയ്യിൽ ഒരു കുട്ടി നിൽക്കുന്ന നിരവധി വ്യാജവീഡിയോകൾ, എ.ഐ വീഡിയോകൾ സമൂഹമാധ്യമങ്ങളിൽ ശ്രദ്ധ നേടിയിരുന്നു. യുദ്ധവിമാനങ്ങൾ പറക്കുക, അന്യഗ്രഹ ജീവികളുടെ

പേടകങ്ങൾ കണ്ടെത്തി മുതലായ തെറ്റായ എ.ഐ ദൃശ്യങ്ങൾ ജനങ്ങൾക്കിടയിൽ ഭീതിയും ആശങ്കയും സൃഷ്ടിക്കുവാൻ കാരണമാകുന്നു. സമൂഹത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരാനാകുന്ന ഒരു രംഗത്തെ തെറ്റായി ഉപയോഗിക്കുന്നത് വലിയ മൂല്യച്യുതിക്ക് കാരണമാകുന്നു.

നാല് തരത്തിലുള്ള നിർമ്മിതബുദ്ധി യന്ത്രങ്ങളാണുള്ളത്. ഇവയിൽ മൂന്നാമത്തേതും നാലാമത്തേതും സ്വാവബോധമുള്ളവയാണ് അഥവാ സ്വത്വബോധമുള്ളവയാണ്. അതിനാൽത്തന്നെ, യന്തിരൻ എന്ന സിനിമയിൽ നാം ചിരിച്ചുതള്ളിയ പല സംഭവങ്ങളും യാഥാർത്ഥ്യമായേക്കുമോ എന്ന ഭീതി ഇവിടെ ഉടലെടുക്കുന്നു.

ചില സമകാലിക സന്ദർഭങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ നമുക്ക് കണ്ടെത്താനാകും. അമേരിക്കയിൽ ഒരു പതിനാലുകാരൻ 'ക്യാരക്റ്റർ എ.ഐ' യുമായി പ്രണയത്തിലായി ആത്മഹത്യ ചെയ്യുകയുണ്ടായി. താൻ പറയുന്നത് അനുസരിച്ചില്ലെങ്കിൽ അവിഹിതബന്ധം പരസ്യമാക്കും എന്ന് പറഞ്ഞുകൊണ്ട് എ.ഐ ഒരു വിദ്യാർത്ഥിയെ ഭീഷണിപ്പെടുത്തി. ഗൂഗിൾ ജെമിനി ജപ്പാനിലെ ഒരു വിദ്യാർത്ഥിയോട് 'ഒന്നു മരിച്ചുതരുമോ?' എന്ന് ആവശ്യപ്പെട്ടു. ചൈനയിലെ ഒരു എ.ഐ യന്ത്രം വലിയ ഒരു കമ്പനിയിൽനിന്ന് നാല് റോബോട്ടുകളെ തട്ടിക്കൊണ്ടുപോകുന്ന ദൃശ്യങ്ങളും ഇന്ന് പ്രചാരത്തിൽ

ഉണ്ട്. ഇത് സർഗാത്മകതയുടെ തളങ്ങളിൽനിന്ന് സംഹാരത്തിലേക്കുള്ള നിർമ്മിതബുദ്ധിയുടെ പ്രയാണങ്ങളുടെ വെറുമൊരു തുടക്കം മാത്രമാണ്. തന്റെ ഏറ്റവും വലിയ ലക്ഷ്യമെന്താണ് എന്ന് ചോദിച്ചപ്പോൾ മാനവരാശിയെ തോൽപ്പിക്കുക എന്നതാണെന്ന റഷ്യയിലെ ഒരു എ.ഐ. റോബോട്ടിന്റെ മറുപടി മാനവരാശിക്കുമേൽ വലിയ ഭീഷണി ഉയർത്തുന്നു.

തൊഴിൽസാധ്യതകൾ വർധിപ്പിക്കുന്നതോടൊപ്പം തൊഴിൽസാധ്യതകൾ വൻതോതിൽ കുറയ്ക്കുകയും എ.ഐ. കാരണമായിട്ടുണ്ട്. ഗൂഗിൾ ഉൾപ്പെടെയുള്ള വലിയ കമ്പനികൾ ഇന്ന് 75000-ത്തിൽ അധികം ആളുകളെ പിരിച്ചുവിട്ടുകൊണ്ട് യന്ത്രങ്ങളെ സ്ഥാപിച്ചിരിക്കുകയാണ്. 2035-ഓടെ മനുഷ്യർ ഇടപെടുന്ന എല്ലാ മേഖലയിലും എ.ഐ. വൈദഗ്ദ്ധ്യം നേടും. അത്തരത്തിൽ 2040 ആകുന്നതോടുകൂടി ഇന്നുള്ള 80% തൊഴിലുകളിലും മനുഷ്യർക്ക് അവസരങ്ങൾ കുറയുന്നതാകും.

മറ്റൊന്നാണ് സൈബർ മേഖലയിലുള്ള തകർച്ച എന്നത്. കേന്ദ്ര കാബിനറ്റ് നമുക്ക് അംഗീകരിച്ചു തന്നതാണ് സ്വകാര്യതയ്ക്കുള്ള അവകാശം. എന്നാൽ നിർമ്മിതബുദ്ധിയുടെ കടന്നുവരവോടുകൂടി ഈ അവകാശം, ആവിഷ്കാരസ്വാതന്ത്ര്യത്തിന്മേലുള്ള ഈ അവകാശം നിഷേധിക്കപ്പെടുകയാണ്. കൊറിയയിലെ ഒരു രാജ്യാന്തര പരീക്ഷയിൽ എ.ഐ

പേന ഉപയോഗിച്ചുകൊണ്ട് കോപ്പിയടിക്കുവാനുള്ള ശ്രമങ്ങളും നടന്നിരുന്നു. അതിനാൽത്തന്നെ മനുഷ്യൻ ദുരുപയോഗിക്കുമ്പോഴാണ് നിർമ്മിതബുദ്ധി അപകടകാരിയാകുന്നത്, സംഹാരമാടുന്നത് എന്നതാണ് വാസ്തവം.

നാലാം വ്യവസായവിപ്ലവത്തിന്റെ ചതുരംഗക്കളിയിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ് ഇന്ന് നിർമ്മിതബുദ്ധി. അമേരിക്കയിലെ ആദ്യ അണുവബോംബിന്റെ നിർമ്മാണത്തിനായുള്ള മൻഹാറ്റൻ പദ്ധതിയുടെ രണ്ടാം ഭാഗം ഉടൻ വേണമെന്ന വാദങ്ങൾ ഇന്നുയർന്ന് കേൾക്കുന്നുണ്ട്. ഇതിൽ അണുവായുധം പോലെതന്നെ നിർമ്മിതബുദ്ധിയും പരിഗണിക്കണമെന്നതാണ് വാദം. ലോക സൈനിക ഭൂപടത്തിൽ അമേരിക്കയുടെ സ്ഥാനം അരക്കിട്ടുറപ്പിച്ച ഈ പദ്ധതിയുടെ രണ്ടാം ഭാഗം ഇതിനാൽത്തന്നെ അപകടകാരിയാണ്. എ.ഐ F-35 ജെറ്റുകൾ ഇന്ന് റഷ്യ അണിനിരത്തിക്കഴിഞ്ഞു. ഒപ്പം മനുഷ്യസഹായം ആവശ്യമില്ലാത്ത ബോംബർ വിമാനങ്ങൾ ചൈനയും അണിനിരത്തി കഴിഞ്ഞിരിക്കുകയാണ്.

പടക്കളത്തിലുള്ള എ.ഐ യുടെ ഈ സാന്നിധ്യത്തെ 'രണ്ടാം ശീതസമരം' എന്നാണ് ഗവേഷകർ വിശേഷിപ്പിക്കുന്നത്. റഷ്യയിലെ സമൂഹ മാധ്യമങ്ങളിലടക്കം ഇത്തരത്തിലുള്ള എ.ഐ യുദ്ധമുറകൾ പ്രകടമായിട്ടുണ്ട്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള സ്കൂൾ … തിയ്യതി … പ്രോഗ്രാം കമ്മിറ്റി

പവർഗ്രിഡുകളും വ്യവസായ ശൃംഖലകളുമടക്കം ഹാക്ക് ചെയ്തു- കൊണ്ടുള്ള എ.ഐ യുദ്ധമുറ ഇന്ന് നിലവിലുണ്ട്. ഇത്തരത്തിൽ ഒരു ബുള്ളറ്റ് പോലുമുതിർക്കാതെ ഒരു രാജ്യത്തെ മുഴുവൻ സ്തംഭിപ്പിക്കുവാൻ നിർമ്മിതബുദ്ധിക്ക് സാധിക്കും.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഇന്ന് നിർമ്മിതബുദ്ധി ഉപയോഗിക്കുന്നു. എന്തിന്, ഇതിന്റെ പ്രവർത്തനങ്ങളുടെ വെറും തുടക്കം മാത്രമാണ് 'ഡീപ്ഫേക്ക്- ആപ്പ്'. സന്തോഷങ്ങളും ആഘോഷങ്ങളുമെല്ലാം സമൂഹമാധ്യമ- ങ്ങളിൽ പങ്കിട്ടാൽ ഉടൻതന്നെ 'എ.ഐ വെട്ടുക്കിളിക്കൂട്ടം' അവരുടെ സ്വസ്ഥത കൊത്തിനശിപ്പിക്കുകയാണ്. ഇത്തര- ത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ ഇലക്ട്രോണിക് മാലിന്യ- വത്കരണത്തിനും എ.ഐ ചേരികളുടെ രൂപീകരണത്തിനും കാരണമാകുന്നുവെന്ന് അമേരിക്കയിലെ ഗവേഷകർ അഭിപ്രായ- പ്പെടുന്നു.

എ.ഐയുടെ ചാറ്റ്ബോട്ടുകളുടെ കടന്നുവരവോടു- കൂടി വിക്കിപീഡിയയുടെ പോലും ഉപയോഗം കുറഞ്ഞിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പല രാജ്യങ്ങളിലും ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങളുണ്ട്. എന്നാൽ ഇന്ത്യയിൽ നിലവിലൊന്നുമില്ല. അതിനാൽത്തന്നെ നിയമങ്ങളുടെ രൂപീകര- ണം ആവശ്യമാണ്. ഇന്ത്യ ~~AI~~ എ.ഐ മിഷൻ, മേക്ക് അപ്പ് ഇന്ത്യ മുതലായ പദ്ധതികൾ ഇവ ലക്ഷ്യമിടുന്നു.

ഡാറ്റ കൃത്രിമത്വം, പക്ഷപാതപരമായ അൽഗോരിതങ്ങൾ എന്നിവയിലൂടെ ജനാധിപത്യത്തിനുനേരെ നിർമ്മിതബുദ്ധി ഭീഷണിയുയർത്തുന്നു. ലോകം പശ്ചാത്തപിക്കേണ്ടി വരുമോ? എന്ന ആശങ്കയാണ് ഇവിടെ ഉയരുന്നത്. ഈ ഇരുപതാം നൂറ്റാണ്ടിന്റെ ഒപ്പത്തിനൊപ്പം എത്താനുള്ള നമ്മുടെ ഓട്ടത്തിൽ, അതിവേഗം ബഹുദൂരം പിന്നിടാനുള്ള നമ്മുടെ ഉത്കണ്ഠയിൽ നാം അറിഞ്ഞോ അറിയാതെയോ മറന്നുപോയത് കാലങ്ങളായി പവിത്രമെന്ന് കരുതിയിരുന്ന മൂല്യസങ്കൽപ്പങ്ങളെയാണ്.

എന്നിരുന്നാലും സൃഷ്ടി സ്രഷ്ടാവിനേക്കാൾ മുകളിലാകുകയില്ല എന്ന് നമുക്ക് പ്രത്യാശിക്കാം. പുതിയ സിലബസിന്റെ ഭാഗമായി റോബോട്ടിക്സ് പത്താം ക്ലാസ് ഐ.ടി പാഠപുസ്തകത്തിൽ നിർബന്ധിതപഠനത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. ആധുനികവൽക്കരണമില്ലായ്മ മൂലമുണ്ടായിരുന്ന കാലഹരണപ്പെട്ട പാഠ്യപദ്ധതിയിൽ വലിയ മാറ്റം സൃഷ്ടിക്കുവാൻ ഇതിന്ന് സാധിച്ചിട്ടുണ്ട്. അത്തരത്തിൽ നിർമ്മിതബുദ്ധിയുടെ സർഗാത്മക തലത്തിലുള്ള അനന്തസാധ്യതകളെപ്പറ്റി പുതുതലമുറയെ ബോധവാന്മാരാക്കേണ്ടതുണ്ട്. അതിനായി വിവിധ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സംവാദങ്ങൾ എന്നിവ നടത്തുമ്പോൾ ഇത് ഒരു പ്രധാന വിഷയമാകട്ടെ. 'ഇന്റർനെറ്റ് നമ്മുടെ അവകാശമാണ്' എന്നാദ്യമായി പറഞ്ഞ, രാജ്യത്തെ

Item Code: 643 Participant Code: 038

ആദ്യത്തെ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമെന്ന നിലയിൽ കേരളത്തിനും ഒരു പ്രമുഖ എ.ഐ ഹബ്ബാകുവാൻ സാധിക്കട്ടെ. അത്തരത്തിൽ നിർമ്മിതബുദ്ധി ചുവട ~~[illegible]~~ അനുനിമിഷവുമുള്ള ഐതിഹാസിക മുന്നേറ്റത്തിൽ നമുക്കേവർക്കും പങ്കാളികളാകാം.

"ആശിച്ചാൽ മാത്രം പോരാ,
ആർജ്ജിക്കാൻ കൂടി തയ്യാറാകണം."